അന്തരിച്ചു

അഹമ്മദലി കീഴൂർ

ആൽപ്പറമ്പ്: കീഴൂർ പടിഞ്ഞാറിലെ അഹമ്മദലി മാസ്റ്റർ (75) അന്തരിച്ചു. .ഭാര്യ:നഫീസ മക്കൾ:താഹിറ, ഷെരീഫ, ഷെരീഫ്, സിദ്ദീഖ്, സജ്ന, മുജീബ്. മരുമക്കൾ: മുഹമ്മദ്, അബ്ബാസ്, ജമാൽ, സീനത്ത് , നെജീബ,ജാസിറ. സഹോദരൻ: .അബ്ദുൽ റഹ്മാൻ.

കമ്പാർ അബ്ദുള്ള

കമ്പാർ :പഴയ കാല കാർഷിക വ്യാപാരിയായിരുന്ന തായൽ കമ്പാർ അബ്ദുള്ള (90) അന്തരിച്ചു. ഭാര്യ: ബീഫാത്തിമ.മക്കൾ:ഹനീഫ, സത്താർ ഹൈദർ, ഷെരീഫ് മദനി, നിസാർ,നവാസ്, മുസ്തഫ,ഖദീജ, സുഹറ. മരുമക്കൾ: ആയിഷ, ഫസീല, സഹാന ആരിഫ, റാബിയ, സാക്കിറ, യുസുഫ്, മൊയതീൻ. നിര്യാണത്തിൽ കമ്പാർ നൂറുൽ ഇസ്ലാം സംഘം അനുശോചിച്ചു.

കാഞ്ഞങ്ങാട്ട് രണ്ടു ക്ഷേത്രങ്ങളിൽ കവർച്ച

കാഞ്ഞങ്ങാട്: നഗരത്തോട് ചേർന്ന് കിടക്കുന്ന രണ്ട് ക്ഷേത്രങ്ങളിൽ കവർച്ച. അലാമിപ്പള്ളി കാരാട്ടു വയലിലെ വെങ്കിട്ടരമണ ദേവസ്ഥാനത്തും തൊട്ടടുത്ത പന്നിക്കുളത്ത് വിഷ്ണുമൂർത്തി ക്ഷേത്രത്തിലുമാണ് കവർച്ച നടന്നത്. രണ്ടിടങ്ങളിലും ഭണ്ഡാരങ്ങളാണ് കവർന്നത്. വെങ്കിട്ടരമണ ദേവസ്ഥാനത്തിലെ പ്രധാന വാതിൽ പൊളിച്ച് അകത്ത് കടന്ന മോഷ്ടാവ് ഭണ്ഡാരം തകർത്ത് പതിനായിരത്തോളം രൂപയാണ് കവർന്നത്. ഇതിന്റെ ഇരുനൂറ് മീറ്റർ അകലെയുള്ള പന്നിക്കുളത്ത് വിഷ്ണുമൂർത്തി ക്ഷേത്രത്തിലെ സ്റ്റീൽ ഭണ്ഡാരത്തിലുണ്ടായിരുന്ന അയ്യായിരത്തോളം രൂപയും മോഷ്ടാക്കൾ കൊണ്ടുപോയി. ഇന്ന് രാവിലെയാണ് ക്ഷേത്രം ഭാരവാഹികൾ കവർച്ചാ വിവരം അറിയുന്നത്. ഹൊസ്ദുർഗ്ഗ് പൊലീസ് സംഭവസ്ഥലങ്ങൾ സന്ദർശിച്ച് കേസെടുത്ത് അന്വേഷണം ഊർജ്ജിതമാക്കി.

കാട്ടാന ശല്യം: മുളിയാറിൽ ഉന്നതതല യോഗം ചേർന്നു

കാസർകോട്: കാട്ടാന ശല്യം സംബന്ധിച്ച് ചർച്ച ചെയ്യാൻ മുളിയാറിൽ യോഗം ചേർന്നു. ആനകളെ തുരത്തുമ്പോൾ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നറിയിച്ചു. വനാതിർത്തിയോട് ചേർന്ന് ജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് ഭീഷണിയായ കാട്ടാനകളെ കർണാടക വനത്തിലേക്ക് തിരിച്ചു വിടുന്നതിന് നടപടി സ്വീകരിച്ചു. ആനകളെ തുരത്തുമ്പോൾ ഡിസംബർ 12 വരെ ഗതാഗത തടസ്സത്തിനു സാധ്യതയുണ്ടെന്നും സുരക്ഷ മുൻ നിർത്തി ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ജില്ലാകളക്ടർ ഡി.സജിത് ബാബു പറഞ്ഞു. ഇതിനായി വനം വകുപ്പ് ആവിഷ്ക്കരിച്ച കർമപദ്ധതി യോഗം ചർച്ച ചെയ്തു. മുളിയാർ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ഡോ. ഡി.സജിത് ബാബു വിന്റെ അധ്യക്ഷതയിലായിരുന്നു യോഗം. ഉത്തര മേഖല ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡി കെ വിനോദ് കുമാർ , ഡി വിഷണൽ ഫോറസ്റ്റ് ഓഫീസർ പി കെ അനൂപ് കുമാർ റേയ്ഞ്ച് ഓഫീസർ എൻ. അനിൽകുമാർ സർക്കിൾ ഇൻസ്പെക്ടർ വിശ്വംഭരൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മുളിയാറിൽ ഏഴ് ആനകളുടെ കൂട്ടവും അഡൂരിൽ ആറ് ആനകളുടെ കൂട്ടവും ഒരു ഒറ്റയാനുമാണ് താവളം ഉറപ്പിച്ചിട്ടുള്ളത്. ഇത് ജനങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയാവുകയും കാർഷിക വിളകൾ വ്യാപകമായി നശിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് നടപടി. 135 തൊഴിലാളികളെ ഉപയോഗിച്ച് 21 ദിവസത്തിനകം ആനകളെ കർണാടക വനത്തിലേക്ക് തുരത്തും. ഈ സമയത്ത് കാട്ടാനകൾ റോഡിലിറങ്ങുന്ന സാഹചര്യമുണ്ടാകാം. ഇതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. നാല് കാട്ടാനകളെ ഇതിനകം കർണാടക വനത്തിലേക്ക് കടത്തിയിട്ടുണ്ടെന്ന് ഡി എഫ്ഒ പറഞ്ഞു.

തെരഞ്ഞെടുപ്പ് ക്രമസമാധാന പാലനം; യോഗം ചേർന്നു

കാസർകോട്: തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻകരുതലുകൾ ചർച്ച ചെയ്യാൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രശ്നബാധിത പ്രദേശങ്ങളിലും മറ്റും സുഗമമായ തെരഞ്ഞെടുപ്പ് സാധ്യമാക്കാൻ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും മുൻകരുതലുകളും യോഗം ചർച്ച ചെയ്തു. കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പൊലീസ് മേധാവി ഡി ശില്പ, സബ് കളക്ടർ ഡി ആർ മേഘശ്രീ, ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ കെ രമേന്ദ്രൻ, ആർഡിഒ വി ജെ ശംസുദ്ദീൻ, എഎസ്പി സേവ്യർ സെബാസ്റ്റ്യൻ, ഡിവൈഎസ്പി കെ ഹരിശ്ചന്ദ്ര നായക് തുടങ്ങിയവർ സംബന്ധിച്ചു.

കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ക്രമസമാധാന പാലനവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻകരുതലുകൾ ജില്ലാ കളക്ടർ ഡോ. ഡി സജിത്ത് ബാബു ചർച്ച ചെയ്യുന്നു.

നാട്ടക്കല്ലിലെ പ്രചാരണ ബോർഡുകൾ നശിപ്പിച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസ് നടത്തിയ പ്രതിഷേധ പ്രകടനം

യുഡിഎഫ് പ്രചാരണ ബോർഡുകൾ നശിപ്പിച്ചതിൽ പ്രതിഷേധം

കാഞ്ഞങ്ങാട്:ബളാൽ, വെസ്റ്റ് എളേരി പഞ്ചായത്തുകൾ അതിർത്തി പങ്കിടുന്ന നാട്ടക്കല്ലിൽ സ്ഥാപിച്ച യുഡിഎഫ് പ്രചാരണ ബോർഡുകൾ നശിപ്പിച്ച സംഭവത്തിൽ കോൺഗ്രസ് പ്രവർത്തകർ പന്തം കൊളുത്തി പ്രകടനം നടത്തി പ്രതിഷേധിച്ചു. ബളാൽ പഞ്ചായത്ത് യുഡിഎഫ് സ്ഥാനാർത്ഥി ജെസ്സി ചാക്കോയുടെയും, വെസ്റ്റ് എളേരി യുഡിഎഫ് സ്ഥാനാർഥി തങ്കച്ചന്റെയും പേരിൽ ഉള്ള ബോർഡുകൾ ആണ് നശിപ്പിച്ചത്. കോൺഗ്രസ് ജില്ലാ കമ്മറ്റി അംഗം എൻ ടി വിൻസെന്റ്, ടി കെ എവുജിൻ, സിബിച്ചൻ, ഗിരീഷ്, ബിജു, ജോബിറ്റ് ജോസ്, സോമേഷ്, വിനീത് എന്നിവർ നേതൃത്വം നൽകി.

തിരഞ്ഞെടുപ്പിൽ സ്പെഷ്യൽ പൊലീസ് ഓഫീസറാവാൻ അവസരം

കാഞ്ഞങ്ങാട്: ഡിസംബർ 14 ന് നടക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്പെഷ്യൽ പൊലീസ് ഓഫീസർമാർ ആകാൻ താത്പര്യം ഉള്ള വിമുക്ത ഭടന്മാർ, മുൻ പൊലീസ് ഓഫീസേഴ്സ്, എൻ സി സി കാഡറ്റുകൾ എന്നിവർ അവരുടെ പേരും വിവരവും യോഗ്യതകളും ഫോൺ നമ്പർ സഹിതം ബേക്കൽ പൊലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണ്.ഫോൺ: 9961202262, 0467 2236224.

പരപ്പ ബ്ലോക്കിൽ അച്ഛനും മകളും ബി ജെ പി സ്ഥാനാർത്ഥികൾ

കരിയനും മകൾ രശ്മിയും

കാഞ്ഞങ്ങാട്: തദ്ദേശ തിരഞ്ഞെടുപ്പിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ ബിജെപി സ്ഥാനാർത്ഥികളായി അച്ഛനും മകളും ജനവിധി തേടുന്നു. പരപ്പ ബ്ലോക്ക് പഞ്ചായത്ത് പരപ്പ ഡിവിഷനിൽ ബിജെപി മുൻ മണ്ഡലം കമ്മിറ്റിയംഗവും ബിജെപി മുൻ കിനാനൂർ കരിന്തളം പഞ്ചായത്ത് പ്രസിഡന്റുമായ കരിയനും, കിനാനൂർ ഡിവിഷനിൽ ഇദ്ദേഹത്തിന്റെ മകളായ രശ്മിയുമാണ് ബിജെപി സ്ഥാനാർത്ഥികളായി മത്സരിക്കുന്നത്.

സ്വകാര്യ കമ്പനിയിൽ സൈറ്റ് എഞ്ചിനീയറായി ജോലി ചെയ്യുന്ന രശ്മി തന്റെ കന്നിയങ്കത്തിനാണ് ഇറങ്ങുന്നതെങ്കിൽ, കർഷകനായ കരിയൻ തന്റെ രണ്ടാമങ്കത്തിനാണ് ഇറങ്ങുന്നത്. മുൻപ് ബിജെപി പരപ്പ വാർഡ് സ്ഥാനാർത്ഥിയായും ജനവിധി തേടിയിരുന്നു. പാർട്ടി ഏൽപ്പിച്ച ഉത്തരവാദിത്തം ഭംഗിയായി നിറവേറ്റാൻ സാധിക്കും എന്ന ആത്മ വിശ്വാസത്തിലാണ് ഈ അച്ഛനും മകളും. ഭർത്താവിനും മകൾക്കും പൂർണ്ണ പിന്തുണയുമായി കരിയന്റെ ഭാര്യ മേരിയും മക്കളായ രേഷ്മയും രാഹുലും രശ്മിയുടെ ഭർത്താവായ രഞ്ജിത്തും രേഷ്മയുടെ ഭർത്താവായ മകേഷും രംഗത്തുണ്ട്.

പടന്നയിലെ തർക്കം പരിഹരിച്ചു; രണ്ടാംവാർഡ് ലീഗിന്; പകരം കോൺഗ്രസ്സിന് ബ്ലോക്ക് ഡിവിഷൻ

ചെറുവത്തൂർ: പടന്ന ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിനെ ചൊല്ലി മുസ്ലീം ലീഗും കോൺഗ്രസും തമ്മിൽ ഉടലെടുത്ത തർക്കത്തിന് പരിഹാരമായി. വാർഡ് മുസ്ലീം ലീഗിന് വിട്ടുകൊടുത്ത് പകരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പടന്ന ഡിവിഷൻ കോൺഗ്രസിന് നൽകാൻ തീരുമാനിച്ചു.കഴിഞ്ഞ തവണ കോൺഗ്രസ് മത്സരിച്ച് വിജയിച്ച രണ്ടാംവാർഡ് മുസ്ലീംലീഗ് ആവശ്യപ്പെടുകയും അവിടെ അവർ പത്രിക സമർപ്പിക്കുകയും ചെയ്തതോടെയാണ് തർക്കം രൂക്ഷമായത്. കോൺഗ്രസും ഇവിടെ പത്രിക നൽകി. ഇതേ തുടർന്ന് ഇന്നലെ രാത്രി വൈകിയും നടത്തിയ ചർച്ചയിലാണ് ഒരു ഒത്തുതീർപ്പിലെത്തിയത്. രണ്ടാം വാർഡ് മുസ്ലീംലീഗിന് നൽകാനും പകരം പടന്ന ബ്ലോക്ക് ഡിവിഷൻ ഇത്തവണ മാത്രം കോൺഗ്രസ്സിന് നൽകാനുമാണ് തീരുമാനിച്ചത്. അടുത്ത തവണ വാർഡ് വിഭജനത്തിനനുസരിച്ച് ഇരുവിഭാഗവും യുക്തമായ തീരുമാനം കൈക്കൊള്ളാനും ധാരണയായി.ധാരണ പ്രകാരം മുസ്ലീംലീഗ് എട്ട് വാർഡുകളിലും കോൺഗ്രസ്സ് ഏഴ് വാർഡുകളിലാണ് മത്സരിക്കുക. നിലവിൽ പടന്ന പഞ്ചായത്ത് ഭരണം യു ഡി എഫിന്റെ കൈകളിലാണ്. തമ്മിലടിച്ച് ഭരണം നഷ്ടപ്പെടുത്തുന്ന നടപടി ഉണ്ടാകുതെന്ന നേതൃത്വത്തിന്റെ കർശന നിർദ്ദേശമാണ് തർക്ക പരിഹാരത്തിന് കാരണമായത്.

സി പി എം തിരഞ്ഞെടുപ്പ് കൺവെൻഷൻ നടത്തി

നീലേശ്വരം: നീലേശ്വരം നഗരസഭാ ആനച്ചാൽ വാർഡ് എൽ ഡി എഫ് തിരെഞ്ഞെടുപ്പ് കൺവെൻഷൻ സി പി എം കേന്ദ്ര കമ്മിറ്റി അംഗം പി കരുണാകരൻ ഉൽഘാടനം ചെയ്തു. ഐ എൻ എൽ കോട്ടപ്പുറം ശാഖാ ജനറൽ സെക്രട്ടറി കെ പി മൊയ്തു ഹാജി ആധ്യക്ഷം വഹിച്ചു. നേതാക്കളായ കെ ബാലകൃഷ്ണൻ, റിയാസ്, എം അസിനാർ, വി കെ ഹനീഫ ഹാജി , കരുവാക്കൽ ദാമോദരൻ, പി മുഹമ്മദ് റാഫി, ഭാസ്ക്കരൻ, മമ്മു, ജോൺ ഐമ്മൻ, വി ഗൗരി , റസാഖ്, റഹൂഫ്, കെ തമ്പാൻ, ഇബ്രാഹിം പി എം എച്ച്, മധു, ബീന എ , നിസാർ, എൻ പി റഹീം, ഷംസുദ്ദീൻ, സഫീർ, ബഷീർ ടി പി തുടങ്ങിയവർ പ്രസംഗിച്ചു. വി എം പുരുഷോത്തമൻ സ്വാഗതവും അഷ്റഫ് ടി പി നന്ദിയും പറഞ്ഞു.

ബേഡകം പോസ്റ്റർ വൈറൽ ആകുമ്പോൾ വികസനം ചർച്ചയാക്കിയ പോസ്റ്ററുകളുമായി യൂത്ത് കോൺഗ്രസ്

ബേഡകം : ബേഡകത്തെ സിപിഎം സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പു പോസ്റ്ററുകൾ വാർത്തയിൽ ഇടം നേടിയതോടെ മറുപടി പോസ്റ്ററുകൾ ഇറക്കി യൂത്ത് കോൺഗ്രസ് രംഗത്ത്. വൈറൽ പോസ്റ്ററുകൾ എന്ന പേരിൽ ഇറക്കിയ അവികസിത ബേഡകത്തിന്റെ ചിത്രങ്ങളാണ് ശ്രദ്ധേയമാകുന്നത്. കഴിഞ്ഞ കാലങ്ങളിൽ പഞ്ചായത്ത് ഭരിച്ച സിപിഎം നാടിന്റെ വികസന പ്രശ്നങ്ങളിൽ പിന്നോക്കം പോയി എന്നാണ് യൂത്ത് കോൺഗ്രസ് ബേഡകം ആരോപിക്കുന്നത്. പഞ്ചായത്തിലെ വികസന പ്രശ്നങ്ങളാണ് നാടകീയ പോസ്റ്ററുകൾക്ക് പകരം ചർച്ച ചെയ്യേണ്ടത് എന്ന് യൂത്ത് കോൺഗ്രസ് ചിത്രങ്ങളിലൂടെ അവകാശപ്പെടുന്നു.ഇനിയും ടാറിങ് ഇല്ലാത്ത റോഡുകൾ, കൈവരിയില്ലാത്ത പാലങ്ങൾ, പേരിൽ മാത്രമൊതുങ്ങുന്ന ബസ്സ്റ്റാൻഡ് കോംപ്ലക്സ് എന്നിങ്ങനെ പഞ്ചായത്തിലെ യാഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാട്ടി കൊണ്ടാണ് മറുപടി പോസ്റ്ററുകൾ പുറത്ത് ഇറക്കിയിരിക്കുന്നത്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മുന്നോടിയായി ഭരണ സമിതി പുറത്തിറക്കിയ ബേഡകപ്പെരുമയിലെ പൊള്ളത്തരങ്ങൾ തുറന്നുകാട്ടുകയാണ് യൂത്ത് കോൺഗ്രസ്.

ബി എം എസ് കാസർകോട് ജില്ലാ സമ്മേളനം സംസ്ഥാന സെക്രട്ടറി എം പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

മാലിന്യങ്ങളെ പുണരുന്ന കാസർകോട് മുനിസിപ്പാലിറ്റി

മുനിസിപ്പൽ സെക്രട്ടറിയുടെ ഓഫീസ് പരിസരത്ത് കെട്ടിക്കിടക്കുന്ന മാലിനജലം

കാസർകോട്: കോവിഡ്കാലം, ലോകത്തെ ശുചിത്വത്തെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് ഓർമ്മിപ്പിക്കുമ്പോൾ കാസർകോട് മുനിസിപ്പൽ സെക്രട്ടറിയുടെ ഓഫീസിനോടു ചേർന്നു മലിനജലവും മാലിന്യങ്ങളും കൂടിക്കിടന്നു ദുസ്സഹമായ ദുർഗന്ധം പരത്തുന്നു.മുനിസിപ്പൽ കാന്റീനിൽ നിന്നുള്ള മലിനജലവും മാലിന്യങ്ങളുമാണ് സെക്രട്ടറിയുടെ ഓഫീസ് പരിസരത്തേക്കു നിക്ഷേപിക്കുന്നതെന്നു പറയുന്നു. കാന്റീൻ തുടങ്ങിയെങ്കിലും അതിന്റെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ സംവിധാനമില്ലാത്തതു കൊണ്ടു ജീവനക്കാർ ആരും എത്താത്ത താഴ്ന്ന സ്ഥലത്തേക്ക് അവ ഒഴുക്കുന്നു. മുനിസിപ്പൽ സ്റ്റോർ റൂമിനടുത്തും മാലിന്യവും ദുർഗന്ധവും സ്റ്റോക്ക് ചെയ്തിരിക്കുകയാണെന്നും ആക്ഷേപമുണ്ട്.മുനിസിപ്പൽ ഓഫീസിൽ നിന്നു അഴിമതിയുടെ ദുർഗന്ധം കട്ടകട്ടയായി ഉയരുന്നുണ്ട്. അതിനിടയിൽ പരിസരമാലിന്യം അധികൃതർ അറിയാതെ പോവുകയാണെന്നു നാട്ടുകാർ സമാശ്വസിക്കുന്നു.

സായാഹ്ന പ്രാദേശിക യോഗം

കാസർകോട് 26ന് നടക്കുന്ന ദേശീയ പണിമുടക്കിനു മുന്നോടിയായി ആക്ഷൻ കൗൺസിൽ സമരസമിതിയുടെ നേതൃത്വത്തിൽ മുനിസിപ്പൽ സായാഹ്ന പ്രാദേശിക യോഗം സംഘടിപ്പിച്ചു. കാസർകോട്പുതിയ ബസ് സ്റ്റാൻഡ് പരിസരത്തു കെഎസ്ടിഎ സംസ്ഥാന വൈസ് പ്രസിഡ് -കെ രാഘവൻ ഉദ്ഘാടനം ചെയ്തു. എൻജിഒ യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി വി ശോഭ അധ്യക്ഷയായി.

മെഡിക്കൽ സീറ്റ് വാഗ്ദാനം ചെയ്ത് പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ പ്രതി അറസ്റ്റിൽ

കുമ്പള: മെഡിക്കൽ പ്രവേശന പരിശീലനത്തിന് സീറ്റ് തരപ്പെടുത്തി നൽകാമെന്ന് വാഗ്ദാനം ചെയ്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വിവിധ സ്ഥലങ്ങളിൽ കൊണ്ടു പോയി പീഡിപ്പിച്ച കേസിൽ യുവാവ് അറസ്റ്റിൽ.കോയിപ്പാടി മോളിയടുക്കത്തെ എം എ അബ്ദുൽ റസാഖി (32)നെയാണ് കുമ്പള പൊലീസ് അറസ്റ്റു ചെയ്തത്. സെപ്തംബറിൽ മംഗളൂരുവിൽ വെച്ചും പിന്നീട് പ്രതിയുടെ വീട്ടിൽ വെച്ചും പീഡിപ്പിച്ചുവെന്നാണ് പരാതി. ഇതിനു ശേഷവും നിരവധി തവണ പീഡിപ്പിച്ചതായി പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കുമ്പള പൊലീസ് ഇൻസ്പെക്ടർ പി പ്രമോദാണ് പ്രതിയെ അറസ്റ്റു ചെയ്തത്.

മൈലാട്ടി രാജീവ് ഗാന്ധി കോളനി നിവാസികൾ കൂട്ടത്തോടെ ബിജെപിയിലേക്ക്

പൊയിനാച്ചി:പൊയിനാച്ചിയിലെ മൈലാട്ടി രാജീവ് കോളനിയിൽ നിന്നും നിരവധി കുടുംബങ്ങൾ ബിജെപി യിൽ. ബിജെ പി ജില്ലാ പ്രസിഡന്റ് കെ ശ്രീകാന്ത് ഇവരെ സ്വീകരിച്ചു.

ബാബുരാജ്, മണ്ഡലം പ്രസിഡന്റ് കെ.ടി.പുരുഷോത്തമൻ, സദാശിവൻ, സ്ഥാനാർത്ഥി ജയചന്ദ്രൻ സന്നിധാനം, ബ്ലോക്ക് ഡിവിഷൻ സ്ഥാനാർത്ഥി പ്രേമ മാധവൻ കാർത്യായനി കനിയടുക്കം, മധു മണ്ഡലിപ്പാറ സുരേഷ് ബാബു ജഗദംബ, ആശ വാമനൻ തുടങ്ങിയവർ സംസാരിച്ചു.

മൈലാട്ടിയിൽ നിന്ന് ബി ജെ പിയിൽ ചേർന്നവർക്കു നൽകിയ സ്വീകരണം

ഓർമ്മകളുടെ അരങ്ങുണർന്നു: ചോദ്യങ്ങളുടെ പാടത്ത് വാചാലനായി സി.വി.ബാലകൃഷ്ണൻ

സി.വി.ബാലകൃഷ്ണനും രാമു ജയനും തമ്മിലുള്ള സംഭാഷണത്തിൽ നിന്ന്.

കാഞ്ഞങ്ങാട്: സി.വി.ബാലകൃഷ്ണനെ കാണാനും അദ്ദേഹത്തോട് ഏറെ നേരം സംസാരിക്കാനും കഴിഞ്ഞ സന്തോഷത്തിലാണ് മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂളിലെ ഏഴാം തരം വിദ്യാർഥി രാമു ജയൻ.ഓൺലൈൻ ക്ലാസുകളിലൊതുങ്ങിയ പഠനപ്രവർത്തനങ്ങളെ അറിവിന്റെ അതിരുകളില്ലാത്ത വിശാലമായ ലോകത്തേത്തിക്കാനുള്ള തുടക്കമെന്ന നിലയിൽ വിദ്യാലയം ആരംഭിക്കുന്ന 'രാമൂസ് വേൾഡ്' എന്ന യൂ ട്യൂബ് ചാനലിനു വേണ്ടിയാണ് രാമു കഥകളിലൂടെയും നോവലുകളിലൂടെയും അടുത്തറിഞ്ഞ എഴുത്തുകാരനെ തേടി എത്തിയത്.കേരള സാഹിത്യ അക്കാദമി അവാർഡടക്കം നിരവധി പുരസ്കാരങ്ങൾ നേടിയ'പരൽമീൻ നീന്തുന്ന പാട'ത്തിൽ നിന്നുള്ള ഏഴാം തരത്തിലെ അടിസ്ഥാന പാഠാവലിയിൽ പഠിക്കാനുള്ള 'അരങ്ങുണരുന്നു'എന്ന സി വി യുടെ ബാല്യകാല അനുഭവത്തെക്കുറിച്ച് തുടങ്ങിയ സംഭാഷണത്തിൽ അമ്പത് കൊല്ലം മുമ്പുള്ള പയ്യന്നൂർ ഗ്രാമത്തിന്റെ ജീവിതവും സംസ്കാരവും ഭാഷയും വിഷയമായി. രാമുവിന്റെ കൗതുകമുണർത്തുന്നതും ചിരി പടർത്തുന്നതുമായ ചോദ്യങ്ങൾക്കു മുന്നിൽ സി.വി.തന്റെ പഴയ അധ്യാപക വേഷം പുറത്തെടുത്തു. തന്നെ വളർത്തിയ പയ്യന്നൂരിനടുത്ത അന്നൂരിലെ സഞ്ജയൻ സ്മാരക ഗ്രന്ഥാലയവും ഗാന്ധി നട്ടമാവും നെഹ്റുവും ഉളിയത്ത് കടവിലെ ഉപ്പുസത്യാഗ്രഹവും വള്ളത്തോളും കുട്ടമത്തും അടക്കം ഗൃഹാതുരത്വത്തിന്റെ ഓർമ്മകളിലേക്ക് സംഭാഷണം നീണ്ടു പോയി. കുട്ടിക്കാലത്ത് കാളവണ്ടിയിലെത്തിയ ഒരു സംഘം അന്നൂരിൽ തമ്പടിച്ച് നാടകം കളിച്ചതും കൊട്ടകയിൽ കയറാൻ നാലണയില്ലാത്തതിനാൽ കൊളുത്തില്ലാത്ത ജനൽ പഴുതിലൂടെ കയറി കൂട്ടുകാരോടൊത്ത് നാടകം കണ്ടതും പിറ്റേ ദിവസം മുതൽ ജനലടച്ചതിനാൽ ആറു ദിവസം പുറത്തിരുന്ന് ശബ്ദം മാത്രം കേട്ട് നാടകമാസ്വദിച്ചതുമാണ് പാഠ ഭാഗത്തിലെ പ്രമേയം.പാഠ ഭാഗത്തിനു പുറമെ സാഹിത്യവും കലയും സ്പോർട്സും ചരിത്രവും ശാസ്ത്രവും തുടങ്ങി വിജ്ഞാനത്തിന്റെ വ്യത്യസ്ത ജാലകം തുറക്കുന്ന യൂ ട്യൂബ് ചാനൽ ഫെയ്സ് ബുക്കിലൂടെ സിനിമാ താരം വിനയ് ഫോർട്ട് റിലീസ് ചെയ്തു.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4710
പവന്: 37680
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

ഡയാലിസിസ് സ്കീം പ്രവർത്തനോദ്ഘാടനം 27 ന്

കാഞ്ഞങ്ങാട്: സി.എച്ച്. സെന്റർ കാഞ്ഞങ്ങാട് മദേർസ് ഹോസ്പ്പിറ്റലിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന മെട്രോ മുഹമ്മദ് ഹാജി മെമ്മോറിയൽ ഡയാലിസീസ് സ്കീമിന്റെ പ്രവർത്തനോൽഘാടനം 27ന് നടത്താൻ തീരുമാനിച്ചു.

രാവിലെ 10 മണിക്ക് കാഞ്ഞങ്ങാട് സംയുക്ത ജമാഅത്ത് ഖാസിയും സമസ്ത സംസ്ഥാന പ്രസിഡണ്ടുമായ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങളുടെ പ്രാർത്ഥനയോടെ ഡയാലിസീസ് സ്കീമിന്റെ പ്രവർത്തനം ആരംഭിക്കും. ഡയാലിസീസ് സെന്ററിന്റെ ഔപചാരികമായ ഉൽഘാടനം ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷം നടത്തുന്നതാണെന്നും 27 ന് പ്രവർത്തനം ആരംഭിക്കുന്നതായിരിക്കുമെന്നും സി.എച്ച്സെന്റർ ചെയർമാൻ തായൽ അബൂബക്കർ ഹാജിയുടെ ആധ്യക്ഷതയിൽ കാഞ്ഞങ്ങാട് മുസ്ലീം യത്തിംഖാനയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

വിദ്യാനഗർ ബി സി റോഡ് നൂറുൽ ഉലമാ മദ്രസ സയ്യിദ് കെ എസ് ആറ്റക്കോയതങ്ങൾ കുമ്പോൽ ഉദ്ഘാടനം ചെയ്യുന്നു

താജുൽ ഉലമ ,നൂറുൽ ഉലമ അനുസ്മരണ സമ്മേളനം 29 ന് മുഹിമ്മാത്തിൽ

പുത്തിഗെ : സമസ്ത കേരള ജംഇയ്യത്തുൽ ഉലമ യുടെ പ്രസിഡന്റായിരുന്ന താജുൽ ഉലമ സയ്യിദ് അബ്ദുൽ റഹ്മാൻ അൽ ബുഖാരി തങ്ങളുടെ ഏഴാണ്ടിന്റെയും നൂറുൽ ഉലമ എം .എ അബ്ദുൽ ഖാദിർ മുസ്ലിയാർ ആറാണ്ടിന്റെയും ഭാഗമായി പുത്തിഗെ മുഹിമ്മാത്ത് സംഘടിപ്പിക്കുന്ന അനുസ്മരണ ആത്മീയ സമ്മേളനം 29ന് മഗ്‌രിബ് നിസ്ക്കാരാനന്തരം നടക്കും .പ്രമുഖ പ്രഭാഷകൻ റഹ്മത്തുള്ള സഖാഫി എളമരം അനുസ്മരണ പ്രഭാഷണം നടത്തും .പ്രമുഖ സയ്യിദുമാരും പ്രാസ്ഥാനിക നേതാക്കളും നേതൃത്വം നൽകും. ഇത് സംബന്ധിച്ച് ചേർന്ന മുഹിമ്മാത്ത് കേന്ദ്ര കമ്മിറ്റി പ്രവർത്തക സമിതി യോഗത്തിൽ വൈ .പ്രസിഡന്റ് സയ്യിദ് ഇബ്രാഹിം ഹാദി തങ്ങൾ ആധ്യക്ഷം വഹിച്ചു.ബി .എസ് അബ്ദുല്ല കുഞ്ഞി ഫൈസി ,ഹാജി അമീറലി ചൂരി ,സി .എൻ അബ്ദുൽ ഖാദിർ മാസ്റ്റർ ,സുലൈമാൻ കരിവെള്ളൂർ ,അബ്ദുൽ ഖാദിർ സഖാഫി മൊഗ്രാൽ ,സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ ,പി .ബി ബഷീർ പുളിക്കൂർ, ഉമർ സഖാഫി കർണ്ണൂർ ,സയ്യിദ് ഹബീബുൽ അഹ്ദൽ, സയ്യിദ് ഹാമിദ് അൻവർ അഹ്ദൽ ,സി .എം അബ്ദുൽ റഹ്മാൻ മുസ്‌ലിയാർ ചള്ളങ്കയം ,മൂസ സഖാഫി കളത്തൂർ, ശാക്കിർ മിത്തൂർ ,വൈ .എം അബ്ദുൽ റഹ്മാൻ അഹ്സനി ,അബൂബക്കർ സഖാഫി തുടങ്ങിയവർ സംബന്ധിച്ചു .

ജനറൽ ആശുപത്രിയിൽ അതിക്രമം; കേസ്

കാസർകോട്: കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ജനറൽ ആശുപത്രിയിൽ അതിക്രമിച്ചു കയറി ബഹളം വെയ്ക്കുകയും ജീവനക്കാരെഅസഭ്യം പറഞ്ഞതായും പരാതി. സെക്യൂരിറ്റി ഗാർഡിന്റെ പരാതിയിന്മേൽ നാലു പേർക്കെതിരെ ടൗൺ പൊലീസ് കേസെടുത്തു. ഇന്നലെ രാത്രിയാണ് സംഭവം. കാറിലെത്തിയ നാലംഗസംഘം അനുമതി കൂടാതെ അകത്ത് അതിക്രമിച്ചു കയറുകയും ആശുപത്രിയുടെ മൂന്നാം നിലയിലെത്തി ബഹളം വയ്ക്കുകയും ജീവനക്കാരെ അസഭ്യം പറയുകയുമായിരുന്നുവെന്നു പരാതിയിൽ പറയുന്നു.

നേരത്തെ ആശുപത്രിയിൽ പൊലീസ് എയ്ഡ്പോസ്റ്റ് ഉണ്ടായിരുന്നു. എന്നാൽ മാസങ്ങളായി ഈ സംവിധാനം ഇല്ല.

Vol -27, Issue No -227 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com